**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1028** **10.01.2019-ലെ മറുപടി**

**മുക്കം മേജർ കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ജോർജ് എം. തോമസ്.** | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) തിരുവമ്പാടി, കുന്ദമംഗലം, കൊടുവള്ളി മണ്ഡലങ്ങളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് വിഭാവനം ചെയ്ത മുക്കം മേജർ കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്ന വിഷയം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; | എ) മുക്കം-കൊടുവള്ളി നഗരസഭകൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി (തിരുവമ്പാടി, കുന്ദമംഗലം മണ്ഡലങ്ങളെ ഉൾപ്പെടുത്തി) 400 കോടി രൂപ മതിപ്പ ചെലവ് കണക്കാക്കി ഒരു ബൃഹദ്പദ്ധതി വിഭാവനം ചെയ്യുകയും ഇതിന്റെ ഒന്നാം ഘട്ടമായ 60 കോടി രൂപയുടെ പ്രവൃത്തി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കുകയും പ്രാഥമികമായി അംഗീകരിക്കുകയും ചെയ്യുതിൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ബൾക്ക് മീറ്റർ സ്ഥാപിച്ച് ജലം ലഭ്യമാക്കാനുള്ള പുതുക്കിയ പദ്ധതിയോടു കൂടി പ്രപ്പോസൽ തയ്യാറാക്കുവാൻ സർക്കാർ ജല അതോറിറ്റിയോട് നിർദേശിച്ചു. ഇതിൽ വിതരണകുഴൽ പരിപാലനം, റവന്യൂ പിരിവു എന്നിവ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുകയും ബൾക്ക് മീറ്റർ പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിലെ വിതരണ ശൃംഖലയിലേക്ക് നൽകുന്ന ജലത്തിന്റെ മൊത്തത്തിലുള്ള തുക അതോറിറ്റിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ അദ്ധ്യക്ഷൻമാരുമായി കേരള വാട്ടർ അതോറിറ്റി ഉത്തര മേഖലാ (കോഴിക്കോട്) ചീഫ് എഞ്ചിനീയർ യോഗം കൂട്ടുകയും സ്വയംഭരണ സ്ഥാപനങ്ങളുടെ സന്നദ്ധത ആരായുകയും ചെയ്തു. എന്നാൽ നാളിതുവരെ ഒരു പഞ്ചായത്തു മാത്രമാണ്, സന്നദ്ധത അറിയിച്ചിട്ടുള്ളത്. ആയതിനാൽ പദ്ധതി മുന്നോട്ട് കൊണ്ട് പോകാൻ സാധിച്ചിട്ടില്ല. |
| ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സന്നദ്ധത അറിയിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ